(ബി) റേഷൻ കാർഡിന് അപേക്ഷ നൽകി പരിഗണനയിലുള്ളവരുടെ എണ്ണവും ആയത് ലഭ്യമാക്കാത്തതിന്റെ കാരണവും വിശദമാക്കാമോ?

റേഷൻ കാർഡിന് ലഭ്യമായ അപേക്ഷകളിൽ 7 എണ്ണം ഒഴികെ എല്ലാ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ വിശദമായ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

മുൻഗണനാ റേഷൻ കാർഡ്

264 (264) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. മുൻഗണനാ ഒഴിവുകളുടെ എണ്ണം പരിമിതമായതിനാൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന അനർഹരെ ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ അർഹരായവരെ ഉൾപ്പെടുത്താനാകൂ. അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം, അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിനുവിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

(ബി) മാരകരോഗം ബാധിച്ചവരും ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളവരുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ, ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ പ്രസ്തുത വിഭാഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക- സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നതിന് സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 5 പ്രകാരം "സ്റ്റേറ്റ് പ്രയോറിറ്റി' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമാണെന്നത് പരിഗണിച്ചും ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള പദ്ധതികളിൽ ഭിന്നശേഷി വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് കൂടി കണക്കിലെടുത്തും റേഷൻ മുൻഗണനയിൽ ടി വിഭാഗത്തിന്റെ സംവരണത്തിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനർഹരായ എത്ര കുടുംബങ്ങളെ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കിയെന്നും അർഹതയുള്ള എത്ര കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയെന്നും അറിയിക്കാമോ?

മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം നൽകിയതുപ്രകാരം 11587 എ.എ.വൈ. കാർഡുകളും 74,626 പി.എച്ച്.എച്ച്. കാർഡുകളും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളും ഉൾപ്പെടെ എ.എ.വൈ. വിഭാഗത്തിൽ 13,000-ഉം പി.എച്ച്.എച്ച്. വിഭാഗത്തിൽ 1,32,000-വും ഒഴിവുകളുണ്ടായി. ഈ ഒഴിവുകളിൽനിന്ന് അർഹരെന്ന് കണ്ടെത്തിയ 12,596 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി 1-8-2021 മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

ആലത്തൂർ മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡുകൾ

265 (265) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ എ.പി.എൽ., ബി.പി.എൽ. റേഷൻ കാർഡുകൾ സംബന്ധിച്ച എത്ര പരാതികളാണ് ആലത്തൂർ താലൂക്ക്